LIBRARY ARCHIVES Kerala Legislative Assembly

5. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്.

6. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/വിവാഹ മോചിതർക്ക്/ ഉപേക്ഷിക്കപ്പെട്ടവർക്ക് ഭവന പദ്ധതി.

7. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)

8. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഷെയർ ക്യാപിറ്റൽ നൽകുന്ന പദ്ധതി.

2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ന്യൂനപക്ഷ ജനവിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക വിവരം ചുവടെ ചേർക്കുന്നു :

2011-12 (രൂപ കോടിയിൽ)	2012-13 (രൂപ കോടിയിൽ)	2013-14 (രൂപ കോടിയിൽ)
NIL (പ്ലാൻ)	78.699 (പ്ലാൻ)	103 (പ്ലാൻ)
14.1407	13.8497	23.5036
(നോൺപ്ലാൻ)	(നോൺപ്ലാൻ)	(നോൺപ്ലാൻ)
ആകെ 14.1407	ആകെ 92.5487	ആകെ 126.5036

മുൻ സർക്കാരിന്റെ കാലത്ത് പദ്ധതി വിഹിതം ലഭിച്ചിരുന്നില്ല.

(ബി) 2012-13 വർഷം മുതലാണ് വകുപ്പിന് പ്ലാൻഫണ്ട് അനുവദിച്ച് തുടങ്ങിയത്.

ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ മുഖേനയുള്ള സഹായപദ്ധതികൾ

202 (1640) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ മുഖേന ന്യൂനപക്ഷവിഭാഗങ്ങൾക്ക് എന്തെല്ലാം സഹായപദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷൻ നാളിതുവരെ എത്ര ഇക വായ്പ അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം കാറ്റഗറിയിൽ എത്ര ഇക വീതം അനുവദിച്ചുവെന്നും ആകെ വായ്പക്കാരുടെ എണ്ണവും വ്യക്തമാക്കുമോ ;

(സി) ന്യൂനപക്ഷവിഭാഗങ്ങളിൽപ്പെട്ട വനിതകൾക്ക് ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ പ്രത്യേക വായ്പാപദ്ധതി നടപ്പാക്കിവരുന്നുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ന്യൂനപക്ഷ കോർപ്പറേഷൻ മുഖേന ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, മൈക്രോ ഫിനാൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.
2. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് സ്വയം തൊഴിൽ വായ്പ, പ്രവാസി സ്വയം തൊഴിൽ വായ്പ, നിതാഖാത് സ്വയം തൊഴിൽ വായ്പ, വിദേശത്ത് ജോലി നേടുന്നതിനുള്ള വായ്പ, പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ (സ്റ്റഡന്റ് പ്ലസ്, പാരന്റ് പ്ലസ്), ബിസിനസ് ഡവലപ്മെന്റ് വായ്പ, ഉദ്യോഗസ്ഥർക്കുള്ള വിവിധോദ്ദേശ വായ്പ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) നാളിതുവരെ 5.8 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. സ്വയം തൊഴിൽ കാറ്റഗറിയിൽ 272 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല. പരിശോധിക്കുന്നതാണ്.

ന്യൂനപക്ഷക്ഷേമ വകുപ്പിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

203 (1641) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly